ആക്ട് അനുസരിച്ച് - 11 പേർ, മോഷണം - 12 പേർ, എൻ.ഡി.പി.എസ്.-4 പേർ, മറ്റു വകുപ്പുപ്രകാരം - 25 പേർ.

പ്രൊഫ. മീനാക്ഷി തമ്പാൻ : വിചാരണ കാത്തിരിക്കുന്ന സ്ത്രീ തടവുകാരുടെ പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. ജയിലുകളിൽ കാലാവധി കഴിഞ്ഞിട്ടും വിട്ടയയ്ക്കാത്ത നിരവധി അണ്ടർട്രയൽ പ്രിസണേഴ്സ് ഉണ്ട്. അത് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; കാലാവധി കഴിഞ്ഞ് ജയിലുകളിലുള്ള സ്ത്രീകളായ അണ്ടർട്രയൽ പ്രിസണേഴ്സിനെ വിടാനുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ഇ.കെ. നായനാർ : പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. നാരായണൻ : ജയിലുകളിൽ എക്സിക്യൂട്ടീവ് കേഡറിലുള്ള വനിതാ ജീവനക്കാരുടെ വിശദാംശം ലഭ്യമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ലഭ്യമാക്കാം. സൂപ്രണ്ട് - 1, ഡെപ്യൂട്ടി സൂപ്രണ്ട് - 1, വെൽഫെയർ ഓഫീസർ - 1, മേട്രൺ (ഗ്രേഡ്-1) - 6, മേട്രൺ (ഗ്രേഡ്-2)- 4, ഫീമെയിൽ വാർഡൻ - 73, ആകെ 86.

ശ്രീ. പി. നാരായണൻ : തടവുകാരെ പരിചരിക്കുന്ന വനിതാ ജയിൽ ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും ട്രെയിനിംഗ് നൽകാറുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : ഉണ്ട്. വനിതാ ജീവനക്കാർക്കുവേണ്ടി State Institute of Correctional Administration – ൽ പരിശീലനവും കാലാകാലങ്ങളിൽ റിഫ്രെഷ്മെന്റ് കോഴ്സും നൽകുന്നുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : കോടതി വളപ്പിൽവച്ച് മാനഭംഗത്തിന് വിധേയയായ ഊമയും ബധിരയുമായ വിചാരണ തടവുകാരിയെ 12 കൊല്ലക്കാലത്തോളം നിയമത്തിനു വിരുദ്ധമായി തടങ്കലിൽ പാർപ്പിച്ച വിവരം സംബന്ധിച്ച് റിപ്പോർട്ട് കിട്ടിയ സ്ഥിതിക്ക് അവരെ ഉടൻ മാനസികാരോഗാശുപത്രിയിൽ പ്രവേശിപ്പിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാൻ സാധിക്കുമോ?

ശ്രീ. ഇ.കെ.നായനാർ : അന്വേഷിച്ച് മറുപടി പറയുന്നതാണ്.

ശ്രീ. ടി.കെ. ബാലൻ : സ്ത്രീ തടവുകാർക്ക് അവരുടെ കുടുംബകാര്യങ്ങൾ കൂടുതലായി ശ്രദ്ധിക്കാനായി നിലവിലുള്ള പരോൾ വ്യവസ്ഥയിൽ എന്തെങ്കിലും കൂടുതൽ ആനുകൂല്യം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : സ്ത്രീ തടവുകാർക്ക് മാത്രമായിട്ട് ഒരു ആനുകൂല്യം ഇതുവരെ നൽകിയിട്ടില്ല. ആനുകൂല്യം ചോദിച്ചവർക്ക് അത് നിഷേധിച്ചിട്ടുമില്ല.

5 (*454) കന്നുകുട്ടി പരിപാലന പദ്ധതി

ശ്രീ. കെ.പി. രാജേന്ദ്രൻ :

ശ്രീ. പി.എസ്. സുപാൽ :

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകുട്ടി പരിപാലന പദ്ധതി ആരംഭിച്ചത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ എത്ര കന്നുകുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൻകീഴിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) 1976-ൽ 50 ശതമാനം കേന്ദ്ര സഹായത്തോടെ ആരംഭിച്ച പ്രത്യേക കന്നുകാലി വികസന പരിപാടി (എസ്.എൻ.ഡി.പി.)യിൽ കന്നുകുട്ടി പരിപാലനം, പന്നിവളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ എന്നീ ഘടകങ്ങൾ ഉൾപ്പെട്ടിരുന്നു. കന്നുകുട്ടി പരിപാലനത്തിനു മാത്രമായി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്ക് രൂപം നൽകിയത് 1987-88-ലാണ്. 1992-93 മുതൽ കേന്ദ്ര സഹായം നിറുത്തലാക്കിയെങ്കിലും ഒരു സംസ്ഥാന പദ്ധതിയായി ഇത് തുടർന്നുപോരുന്നു. 1997-98 മുതലാണ് തദ്ദേശ ഭരണസ്ഥാപനങ്ങളെ ഇതിൽ സജീവ പങ്കാളികളാക്കിക്കൊണ്ടുള്ള പുതിയ പദ്ധതി ആരംഭിച്ചത്.

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 50,000 കന്നുകുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ 25 കോടി രൂപ ചെലവായിട്ടുണ്ട്.

(സി) 4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള വർഗ്ഗശുദ്ധിയുള്ള സങ്കരയിനം പശുക്കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയ്ക്ക് 32 മാസം പ്രായമാവുന്നതുവരെയോ പ്രസവിക്കുന്നതുവരെയോ (ഏതാണോ ആദ്യം അതുവരെ) ഗുണമേന്മയുള്ള കാലിത്തീറ്റ, വിരമരുന്ന്, പ്രതിരോധ കുത്തിവയ്പ് മുതലായവ 50 ശതമാനം സബ്സിഡി നിരക്കിൽ നൽകിവരുന്നു. കൂടാതെ ഇൻഷ്വറൻസ് പരിരക്ഷയും നൽകിവരുന്നു. പരമാവധി സബ്സിഡി 5000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ.പി. രാജേന്ദ്രൻ : 25 കോടിയോളം രൂപ കന്നുകുട്ടി പരിപാലന പദ്ധതിക്കായി ചെലവഴിച്ചതായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 32 മാസം അല്ലെങ്കിൽ ആദ്യത്തെ പ്രസവം എന്നാണ് പറഞ്ഞത്. തുടർന്ന് പശു പ്രസവിച്ചാൽ കൂടുതൽ സഹായം ആവശ്യമുള്ളതു പശു പ്രസവിച്ച് പാൽ തരുന്ന സന്ദർഭങ്ങളിലും തുടർന്നുള്ള പ്രസവങ്ങൾക്കുമാണ്. കാരണം കൂടുതൽ പാൽ കിട്ടുക രണ്ടാമത്തെ പ്രസവത്തിലാണ്. സാധാരണ അങ്ങനെയാണ് ഞങ്ങളുടെ നാട്ടിൻപുറങ്ങളിൽ അറിയുന്നത്. കുട്ടിക്കു മാത്രമല്ല, തള്ളപശുവിനും കൂടി തുടർന്നും ആനുകൂല്യം ലഭിക്കുന്നതിന് കൂടുതൽ പാൽ ഉൽപാദന വർദ്ധനവിന് സഹായകരമായ വിധത്തിൽ കന്നുകുട്ടി പരിപാലന പദ്ധതി വികസിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇതൊരു സ്റ്റേറ്റ് പോളിസിയായി വന്നിട്ടില്ലെങ്കിൽപോലും പല പഞ്ചായത്തുകളും ഇപ്പോൾ പശുക്കൾക്ക് പ്രസവം കഴിഞ്ഞതിനുശേഷവും സബ്സിഡി കൊടുക്കുന്നുണ്ട്. അത് സംസ്ഥാന വ്യാപകമാക്കുന്നതിനുവേണ്ടി ത്രിതല പഞ്ചായത്തുകളുടെ ആസൂത്രണത്തിൽ ഉൾപ്പെടുത്തിന്നതിന് ശ്രമിക്കുന്നുണ്ട്.

ശ്രീ. കെ.പി. രാജേന്ദ്രൻ : കുളമ്പുരോഗവുമായി ബന്ധപ്പെട്ടാണ് ഞാൻ ചോദിക്കാനുദ്ദേശിക്കുന്നത്. കന്നുകുട്ടി പരിപാലനവും തള്ളപ്പശുക്കൾക്കായുള്ള സഹായവും വളരെ പ്രധാനപ്പെട്ടതാണ്. കാലിരോഗവിമുക്ത മേഖലയായി നമ്മുടെ സംസ്ഥാനത്തെ മാറ്റുന്നതിനായി തിരുവനന്തപുരത്ത്

LIBRARY ARCHIVES Kerala Legislative Assembly

രണ്ട് മൂന്ന് റീജിയണൽ കേന്ദ്രങ്ങൾ ആരംഭിച്ചു. ഇപ്പോഴും കുളമ്പുരോഗം പല കേന്ദ്രങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്, രോഗം തുടരുന്നുണ്ട്. പദ്ധതിയിലുള്ള പോരായ്മയാണോ അതോ പുതിയ രീതിയിലുള്ള വൈറസുകൾ വരുന്നതാണോ എന്നറിയില്ല. ഇതിന് ശാശ്വതമായി ഒരു പരിഹാരം കാണാൻ സംസ്ഥാനാടിസ്ഥാനത്തിൽ പരിശോധിച്ച് ഇതിന്റെ നിർമ്മാർജ്ജനത്തിനായുള്ള ഊർജ്ജിതമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : ഇതിന്റെ കാരണങ്ങളെല്ലാം പരിശോധിച്ച് കണ്ടുപിടിച്ചിട്ടുണ്ട്. ചികിത്സകൊണ്ട് ഭേദമാകുന്നുണ്ട്. ഇതിന്റെ പ്രധാന കാരണം, അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന കന്നുകാലികളിൽ നിന്നും വളരെ പെട്ടെന്ന് രോഗം പകരുന്നു. അതുകൊണ്ട് എത്ര പ്രതിരോധമുണ്ടെങ്കിലും വളരെ സൂക്ഷിക്കണം, അതുകൊണ്ടാണ് ഈ വർഷവും ക്ഷീരമേഖലയിൽകൂടി പശുക്കളെ പ്രദർശിപ്പിക്കണ്ട എന്ന് നിർദ്ദേശിച്ചിരിക്കുന്നത്. പെട്ടെന്ന് രോഗം പടരാൻ ഇടയുണ്ട്. പ്രതിരോധകുത്തിവയ്പാണ് വ്യാപകമായി നടത്താൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. പി.എസ്. സുപാൽ</u> : ഇത് വളരെ ബൃഹത്തായ ഒരു പദ്ധതിയാണ്. അങ്ങയുടെ മറുപടിയിൽ 1992-93 കാലയളവിൽ ഈ പദ്ധതിക്കുവേണ്ടിയുള്ള കേന്ദ്ര സഹായം നിർത്തലാക്കിയതിനെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. അതിന് പ്രത്യേകിച്ച് എന്തെങ്കിലും കാരണം ഉണ്ടോ; തുടർന്ന് കേന്ദ്ര സഹായം കിട്ടുന്നതിന് സംസ്ഥാന ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : കേന്ദ്രം തുടങ്ങിയത് കന്നുകുട്ടി പരിപാലന പദ്ധതി അല്ല. അവർ തടങ്ങിയത് എല്ലാ മൃഗങ്ങൾക്കും കൂടിയാണ്. അതായത് കന്നുകാലി, പന്നി തുടങ്ങിയവ ഉണ്ട്. ഒരു സഹായ പദ്ധതിയാണ്. അത് നിർത്തലാക്കി. പല സഹായ പദ്ധതികളും കേന്ദ്രം ഒരു പ്രത്യേക പീരിയേഡിലേയ്ക്കാണ് തരുന്നത്. അതു കഴിഞ്ഞാൽ നിർത്തലാക്കും. പിന്നെ സംസ്ഥാനങ്ങളുടെ തലയിലാണ് ഇത് വരുന്നത്. കേന്ദ്രത്തിന്റെ സഹായത്തിന് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. പി.എസ്. സുപാൽ</u> : സർ, നമ്മുടെ സംസ്ഥാനത്തെ കാലിരോഗവിമുക്തമാക്കുന്നതിനുവേണ്ടി തിരുവനന്തപുരത്ത് ഒരു കേന്ദ്ര ഓഫീസും പുനലൂരിൽ ഒരു മേഖലാഓഫീസും പ്രവർത്തിച്ചുവരുന്നു. രോഗം പകരുന്നത് പ്രധാനമായും അതിർത്തിയിൽനിന്നുവരുന്ന കന്നുകാലികളിൽ നിന്നാണെന്ന് ഇവിടെ പറയുകയുണ്ടായി. തമിഴ്നാടുമായി അടുത്ത പ്രദേശമാണ് പുനലൂർ. അവിടെയുള്ള പുനലൂർ മേഖലാ ഓഫീസിന്റെ പ്രവർത്തനപരിധിയെ സംബന്ധിച്ച് വിശദമാക്കാമോ; ആ സെന്ററിന്റെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ കന്നുകാലികളെ രോഗവിമുക്തമാക്കാനുള്ള പരിപാടികൾ വളരെ ഊർജ്ജസ്വലമായി നടക്കുന്നുണ്ട്. ഇത്തവണ സംസ്ഥാന ഗവൺമെന്റ് കന്നുകാലികൾക്ക് പരമാവധി വാക്സിനേഷൻ നടത്തുന്നുണ്ട്. കേന്ദ്രത്തിൽ നിന്നും കുറച്ചു സഹായം കിട്ടി. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡും ധാരാളം വാക്സിനേഷൻ ഫ്രീയായി തന്നു. അങ്ങനെ വ്യാപകമായ രീതിയിൽ ഈ പ്രവർത്തനം നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു.എസ്. ശശി : സർ, കേരളത്തിലെ ഏറ്റവും ഗുണമേന്മയുള്ള കാലിത്തീറ്റ ഉല്പാദിപ്പിക്കുന്ന മാള നിയോജകമണ്ഡലത്തിലെ കല്ലേറ്റിൻകര യിലെ കേരള ഫീഡ്സിൽ ഉത്പാദിപ്പിക്കുന്ന ഉല്പന്നം കന്നുകാലികൾക്കും പശുക്കൾക്കും കൊടുത്തതിന്റെ ഫലമായി വല്ല മാറ്റങ്ങളുമുണ്ടാകാൻ തുടങ്ങി യിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഏറ്റവും ഡിമാന്റുള്ളത് കേരള ത്തിലെ ഫീഡിനാണെന്നുള്ള കാര്യത്തിൽ സംശയമില്ല. ഒരു തീപിടിത്തമുണ്ടാ യതിന്റെ ഫലമായി അവിടെയൊരു പ്രതിസന്ധിയുണ്ടായി. ഡിമാന്റ് സാ റ്റിസ്ഫൈ ചെയ്യാൻ കഴിയുന്ന തരത്തിൽ അവിടെ ഉല്പാദനം നടക്കുന്നില്ല. പ്രൊഡക്ഷൻ വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. യു.എസ്. ശശി : സർ, കന്നുകുട്ടി പരിപാലനത്തിന് തദ്ദേശ്ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സഹായം ചെയ്യുന്നതിനെക്കുറിച്ച് ആലോചി ക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസൂത്രണത്തിൽ ഇതും ഉൾപ്പെടുത്താം. പല പഞ്ചായത്തുകളും അങ്ങനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി ആലപ്പുഴ ഡിസ്ട്രിക്ട് പഞ്ചായത്ത് അഡീഷണലായി മൂന്നുകോടി രൂപ അവരുടെ കഴിഞ്ഞവർഷത്തെ പ്ലാനിൽ പഞ്ചായത്ത് ഫണ്ടിൽനിന്നും നീക്കിവച്ചു. ഇതിന്റെ ഗുണം എന്നുപറയുന്നത്, പാലിന്റെ ആവറേജ് പ്രൊഡക്ഷൻ ഒരു പശുവിന് ആറരലിറ്റർ ആണെങ്കിൽ കന്നുകുട്ടി പരിപാലനംകൊണ്ട് ഉണ്ടാകുന്ന ആവറേജ് പ്രൊഡക്ഷൻ പത്ത് ലിറ്റർ പാലാണ് എന്നതാണ്.

ശ്രീ. കെ.സി. ജോസഫ് : സർ, കന്നുകുട്ടി പരിപാലന പദ്ധതികൊണ്ട് പാൽ ഉത്പാദനം വർദ്ധിക്കുമെന്നു പറഞ്ഞു. മലബാർ മേഖലയിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുവരുന്ന പാലിന്റെ പ്രളയമാണ്. നന്ദിനി എന്ന ഫ്രീസ് ചെയ്ത പാൽ ഇരുപതു ദിവസം വരെ ഫ്രീസറിൽ വച്ചില്ലെങ്കിലും പുറ ത്തുവച്ച് ഉപയോഗിക്കാം. അതുപോലെ പൂജാ മിൽക്ക് വ്യാപകമായി അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നു. ഇതിന്റെ ഫലമായി കേരളത്തിലെ പാൽ വ്യവസായ രംഗത്ത് വരുന്ന സ്തംഭനാവസ്ഥ ഗവൺമെന്റ് കണക്കിലെടുത്തി ട്ടുണ്ടോ; ഉണ്ടെങ്കിൽ അന്യസംസ്ഥാനങ്ങളിലെ പാലിന് എൻട്രി ടാക്സോ മറ്റോ ഏർപ്പെടുത്തി അതിന്റെ വ്യാപനം നിയന്ത്രിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഞാൻ ഈ നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു. പക്ഷെ ടാക്സേഷന്റെ കാര്യം തീരുമാനിയ്ക്കേണ്ടത് ധനകാര്യ വകുപ്പുമന്ത്രിയാണ്. പ്രശ്നം ഗുരുതരമാണ്. മറ്റ് സംസ്ഥാനങ്ങളിലെ വികസനത്തെക്കുറിച്ച് നാം ധാരാളം പറയാറുണ്ട്. അവിടെയുള്ള പാൽ അവി ടുത്തുകാർ കുടിക്കുന്നില്ല. ഇവിടെയുള്ളവർ ഇവിടത്തെ പാൽ കുടിക്കുന്നു; മാത്രവുമല്ല ഒരു ശതമാനം ഇംപോർട്ട് ചെയ്യുന്നുമുണ്ട്. അതുകൊണ്ട് അവിടെ ഏഴ് രൂപയ്ക്കു കിട്ടുന്ന പാൽ ഇവിടെ പന്ത്രണ്ടു രൂപയ്ക്കും പതിമൂന്നു രൂപ യ്ക്കും വിൽക്കുമ്പോൾ അതിനോട് കോംപീറ്റുചെയ്യാൻ നമ്മുടെ പശുവ ളർത്തുകാർക്കും പാൽ സഹകരണസംഘങ്ങൾക്കും പ്രയാസമുണ്ടാകുന്നുണ്ട്. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കുകയാണെങ്കിൽ ഇത് നിയ ന്ത്രിക്കാം.

ശ്രീ. പി.പി. തങ്കച്ചൻ : സർ, കന്നുകുട്ടി പരിപാലനപരിപാടിയുടെ പ്രധാന ഭാഗം നല്ല കാലിത്തീറ്റ കൊടുക്കുകയാണ്. ഗവൺമെന്റ് ഉടമയിൽ

ആരംഭിച്ചിട്ടുള്ള കേരള ഫീഡ്സിന് വില വളരെ കൂടുതലാണ്. സബ്സിഡി നൽകി വില കുറച്ചു കൊടുക്കണമെന്ന വ്യാപകമായ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഗവൺമെന്റ് അക്കാര്യം പരിഗണിച്ചിട്ടുണ്ടോ; അതിന്റെ വില കുറച്ചു കൊടുക്കാൻ തീരുമാനമെടുക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ, ഇപ്പോൾ ഡിമാന്റ് സാറ്റിസ്ഫൈ ചെയ്യാൻ സാധിക്കുന്നില്ല. പലയിടത്തുനിന്നും ഉള്ള ആവശ്യത്തിനനുസരിച്ച് കൊടുക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് സബ്സിഡിയെക്കുറിച്ച് ആലോചിച്ചിട്ടില്ല. സബ്സിഡി ഇല്ലാതെ തന്നെ ഉല്പാദിപ്പിക്കുന്നത് വാങ്ങാൻ ആളുകൾ തയ്യാറാണ്. അതിന്റെ ക്വാളിറ്റി അത്ര നല്ലതാണ്. ഇപ്പോൾ പ്രൊഡക്ഷൻ ക്രൈസിസുണ്ട്. ഈ മേഖലയിൽ ത്രിതല പഞ്ചായത്തുകളാണ് സബ്സിഡി കൊടുത്തുകൊണ്ടിരിക്കുന്നത്.

6 (*455) പൂട്ടിക്കിടക്കുന്ന ആശുപത്രികൾ

<u>ശ്രീ. എം. ദാസൻ</u> :
<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> :
<u>ശ്രീ. ജി. സുധാകരൻ</u> :
<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> :
<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില ആശുപത്രികൾ പൂട്ടിക്കിടക്കുന്നു എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഈ ആശുപത്രികൾ പൂട്ടാനുണ്ടായ കാരണങ്ങൾ എന്തൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ വിവിധ മേഖലകളിൽ പൂട്ടിക്കിടക്കുന്ന ആശുപത്രികൾ ഏതൊക്കെയെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(എഫ്) ഇവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ജി) ഇവ സമയബന്ധിതമായി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എച്ച്) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താത്തതുമൂലം അവ പ്രവർത്തിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളാണ് ഇപ്രകാരം പ്രവർത്തിക്കാതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഐ) എങ്കിൽ ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് ഇതിനകം സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി <u>(ശ്രീ. വി.സി. കബീർ)</u> : സർ,

LIBRARY ARCHIVES Kerala Legislative Assembly